**ഭരണഭാഷ മാതൃഭാഷ**

ICDS/PMMVY/19868/2021 (1)

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം- 695012
തീയതി: 31.12.2021
ഫോൺ നമ്പർ: 0471 2346534
Email: directorate.wcd@kerala.gov.in

# പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ്- **പ്രധാനമന്ത്രി മാതൃ വന്ദന യോജന**- പദ്ധതി നടത്തിപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ- സംബന്ധിച്ച്:-

സൂചന: 1) ഈ കാര്യാലയത്തിലെ 27/12/2019 ലെ ICDS/A6/32878/19 നം. പരിപത്രം
2) ഈ കാര്യാലയത്തിലെ 25/08/2020 ലെ ICDS/A6/33351/19 നം. പരിപത്രം
3) ഈ കാര്യാലയത്തിലെ 21/05/2020 ലെ ICDS/A6/6256/2020 (1), ICDS/A6/6256/2020 (2) നം. പരിപത്രങ്ങൾ

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാന മന്ത്രി മാതൃ വന്ദന യോജന പദ്ധതി വകുപ്പിന് കീഴിൽ ICDS പ്രോജക്ടുകൾ വഴി നടപ്പിലാക്കി വരികയാണ്. സൂചന പരിപത്രം (3) പ്രകാരം പി. എം. എം. വി. വൈ. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കീഴ് കാര്യാലയങ്ങളിലെ വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥർ പാലിക്കേണ്ടതായ മാർഗ്ഗനിർദ്ദേശങ്ങളും പദ്ധതി നടത്തിപ്പിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളും ഈ കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടുള്ളതാണ്. സൂചനകൾ (1), (2) പ്രകാരം ജില്ലാതല ആഡിറ്റ് മാർഗനിർദ്ദേശങ്ങളെക്കുറിച്ചും, വിവിധ തലങ്ങളിൽ പദ്ധതിക്കായി ഉപയോഗപ്പെടുത്തേണ്ട രജിസ്റ്ററുകളുടെ മാതൃകയും ലഭ്യമാക്കിയിട്ടുള്ളതാണ്. സൂചന പരിപത്രങ്ങളിലെ മാർഗ്ഗനിർദ്ദേശങ്ങളും താഴെ പറയുന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളും കീഴ് കാര്യാലയങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

സൂചന (3) പരിപത്രം (2) ലെ ക്രമനമ്പർ അഞ്ചിൽ പദ്ധതിയുടെ ഏതെങ്കിലും ആനുകൂല്യം കൈപറ്റിയതിനു ശേഷം ഗർഭഛിദ്രമോ, ചാപിള്ള ജനനമോ ഉണ്ടായാൽ അടുത്ത ഗർഭാവസ്ഥക്കു മുഴുവൻ ആനുകൂല്യങ്ങളും നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ നിലവിൽ PMMVY CAS സോഫ്റ്റ് വെയറിൽ **re-register** ലിങ്ക് ആക്ടിവേറ്റ് ചെയ്യാത്തതിനാൽ ടി നിർദ്ദേശം നടപ്പിലാക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ പദ്ധതിയുടെ ഏതെങ്കിലും ആനുകൂല്യം കൈപറ്റിയതിനു ശേഷം ഗർഭഛിദ്രമോ, ചാപിള്ള ജനനമോ ഉണ്ടായാൽ അടുത്ത ഗർഭാവസ്ഥക്കു തുടർന്നുള്ള ആനുകൂല്യമാണ് നൽകേണ്ടത് എന്ന് മാറ്റി വായിക്കേണ്ടതാണ്. അതായത് ഒന്നാമത്തെ ആനുകൂല്യം ലഭിച്ചതിനു ശേഷം ഗർഭഛിദ്രമോ, ചാപിള്ള ജനനമോ ഉണ്ടായാൽ തുടർന്നുള്ള ഗർഭാവസ്ഥക്കു രണ്ടും, മൂന്നും ഗഡു അനുകല്യമാണ് നൽകുവാൻ സാധിക്കുക. ആയതിനായി Sanctioning Officer -ുടെ യൂസറിൽ Second Installment Due, Third Installment Due ലിസ്റ്റിൽ നിന്നും പ്രസ്തുത ഗുണഭോക്താവിനെ നീക്കം ചെയ്യേണ്ടതും ആയതു സ്റ്റേറ്റ് നോഡൽ ഓഫീസർ അംഗീകരിച്ചു എന്ന് ഉറപ്പുവരുത്തിയതിനു ശേഷം അപേക്ഷ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

സൂചന (2) പരിപത്രം നിർദ്ദേശ പ്രകാരം അടിയന്തിരമായി ജില്ലകളിൽ പദ്ധതിയുടെ പെർഫോമൻസ് ആഡിറ്റ് നടത്തേണ്ടതാണ്.

സൂചന (3) പരിപത്രം പ്രകാരമുള്ള രജിസ്റ്റർ മാതൃകയിലായിരിക്കണം കീഴ് കാര്യാലയങ്ങയിൽ പദ്ധതി രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടത്. സൂപ്പർവൈസർമാർ അങ്കണവാടി തല രജിസ്റ്ററുകൾ സന്ദർശന വേളയിൽ പരിശോധിക്കേണ്ടതും ആയതു രജിസ്റ്ററിൽ തീയതി സഹിതം രേഖപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്തുതല രജിസ്റ്ററുകൾ ശിശു വികസന പദ്ധതി ഓഫീസർമാർ പരിശോധിക്കേണ്ടതും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഐ. സി. ഡി. എസ്. തല രജിസ്റ്ററുകൾ പ്രോഗ്രാം ഓഫീസർമാർ പരിശോധിച്ച് സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ജീവനക്കാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചമൂലം ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കാതെ വന്നാൽ ആയതു ബന്ധപ്പെട്ട ജീവനക്കാരുടെ ബാധ്യതയായി കണക്കാക്കുന്നതും അച്ചടക്ക നടപടി സ്വീകരിക്കുന്നതുമായിരിക്കും.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി
S.N. SIVANYA
Joint Director
Women and Child Development
Department
Thiruvananthapuram - 695012

ഉള്ളടക്കം:

സൂചന പരിപത്രങ്ങളുടെ പകർപ്പ്

**പകർപ്പ് :**

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
4. എല്ലാ ഐ. സി. ഡി. എസ്. സൂപ്പർവൈസർമാർക്കും
5. വെബ്സൈറ്റ് -ൽ പ്രസദ്ധീകരിക്കുന്നതിന്
6. കരുതൽ ഫയൽ/സ്പെയർ